# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 3488** **14.10.2011 - ൽ മറുപടിക്ക്**

## കെൽടെക്സിലെ ജീവനക്കാരുടെ നിയമനം

| ചോദ്യം | ഉത്തരം |
| --- | --- |
| ഡോ. കെ.ടി. ജലീൽ | ശ്രീ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി) |
| (എ) മലപ്പുറം ജില്ലയിലെ കാർത്തലയിൽ പ്രവർത്തിക്കുന്ന കെൽടെക്സിൽ ഇപ്പോൾ എത്ര ജീവനക്കാരുണ്ട്; അതിൽ സ്ഥിരം ജീവനക്കാർ എത്ര; താൽക്കാലിക ജീവനക്കാർ എത്ര എന്ന് വ്യക്തമാക്കാമോ; | (എ)കെൽടെക്സിൽ നിലവിൽ 4 ഓഫീസ് ജീവനക്കാരുണ്ട്. ഇതിൽ ഒരാൾ സ്ഥിരം ജീവനക്കാരനും മറ്റുള്ളവർ താൽക്കാലിക ജീവനക്കാരുമാണ്. ഇതിനു പുറമെ ഷിഫ്റ്റിൽ പ്രവർത്തിക്കുന്ന മില്ലിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്കാവശ്യമായ വീവർ/ട്രെയിനീസ് ആയി 10 താൽക്കാലിക ജീവനക്കാരെയും ഇപ്പോൾ നിയമിച്ചിട്ടുണ്ട്. കൂടാതെ കരാറടിസ്ഥാനത്തിൽ 2 സെക്യൂരിറ്റി ജീവനക്കാരെയും നിയമിച്ചിട്ടുണ്ട്. |
| (ബി) സ്ഥിരം ജീവനക്കാരേയും താൽക്കാലിക ജീവനക്കാരെയും നിയമിച്ചത് എന്ത് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണെന്ന് വിശദമാക്കാമോ; | (ബി) റജിസ്ട്രാർ അംഗീകരിച്ചു നൽകിയ വിവിധ തസ്തികകളിലേക്ക് മില്ലിന്റെ പ്രവർത്തന പരിധിയിൽനിന്നും യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നും ലഭിച്ച അപേക്ഷകൾ പരിഗണിച്ചാണ് ഭരണ സമിതി താൽക്കാലികമായ നിയമനങ്ങൾ നടത്തിയിട്ടുള്ളത്. |

(സി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കെൽടെക്സിനു സമാനമായ സഹകരണ സ്ഥാപനങ്ങളിലേക്കുള്ള നിയമനങ്ങളിൽ പാലിക്കപ്പെടുന്ന എല്ലാ വ്യവസ്ഥകളും പാലിച്ച് കൊണ്ടാണോ പ്രസ്തുത സ്ഥാപനത്തിൽ നിയമനം നടത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) കെൽടെക്സിൽ ജീവനക്കാരെ താൽക്കാലികമായി നിയമിച്ചിട്ടുള്ളത് സംസ്ഥാനത്തെ സമാനമായ സഹകരണ സ്പിന്നിംഗ് മില്ല്, പവർലൂം സംഘങ്ങൾ എന്നിവകളിൽ പിന്തുടരുന്ന സമ്പ്രദായം അനുസരിച്ചും അംഗീകൃത സ്റ്റാഫ് പാറ്റേൺ അനുസരിച്ചും തന്നെയാണ്.

(ഡി) ഓരോ ജീവനക്കാർക്കും 2011 ഓഗസ്റ്റ് മാസത്തിൽ എത്ര രൂപയാണ് ശമ്പളം നൽകിയിട്ടുള്ളത് എന്ന് വിശദമാക്കാമോ?

(ഡി) ഓഗസ്റ്റ് മാസത്തിലെ ഓരോ ജീവനക്കാരുടെയും ശമ്പളം താഴെ പറയുന്നവയാണ്.

1. മുത്തുകുമാർ -ടെക്നിക്കൽ സൂപ്പർവൈസർ - 9,533.00
2. സജിത - അക്കൗണ്ടന്റ് - 5,000.00
3. മുഹമ്മദ് സുഹൽ-അറ്റൻഡർ/പ്യൂൺ - 3,000.00
4. ഷംസുദ്ദീൻ - ഡ്രൈവർ - 4,500.00
5. നെയ്ത്തുകാർ - 5 പേർ - 32,673.00
6. ഹെൽപ്പർ/ട്രെയിനീസ്-5 പേർ - 17,,567.00

സെക്ഷൻ ഓഫീസർ